കണ്ടത് പറഞ്ഞാൽ...

**ഡേവിസ് വളർക്കാവ്** എഴുതുന്ന പംക്തി

# ടാഗോറിന്റെ പ്രഭാതഗീതം

## ഒന്നാം പാദം: ജനഗണമന/രണ്ടാം പാദം: അഹരഹതവ

1911 ലാണ് രവീന്ദ്രനാഥ് ടാഗോർ പ്രഭാതഗീതം രചിച്ചത്. അഞ്ചു ഖണ്ഡങ്ങളുണ്ട് അതിന്. അതാണ് പൂർണ്ണരൂപം. ഇതിൽ ഒന്നാംഭാഗം മാത്രമേ പ്രചരിക്കപ്പെടുന്നുള്ളു, ജനഗണമന മാത്രം. ജനഗണമന ഒരു വിദേശി കേട്ടാൽ അത് സങ്കുചിത ദേശീയവാദമായേ കരുതൂ. അഹരഹതവ കേട്ടാൽ അവർക്കതിൽ ആകർഷണം കൂടും. ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന് പ്രചോദനമായി ഈ രചന. സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ ഈ ഒന്നാം ഭാഗത്തിന്റെ പ്രാധാന്യം കുറവാണ്. രണ്ടാംപാദമാണ് കൂടുതൽ പ്രസക്തം. ആയത് പ്രചരിപ്പിക്കാതെ ഒന്നാം ഭാഗത്തെ മാത്രം പ്രചരിപ്പിക്കുന്നതിന്റെയും നിഷേധിക്കുന്നതിന്റെയും പിറകിലെ നിക്ഷിപ്ത താൽപര്യം തിരിച്ചറിയാതെ നാമത് ഏറ്റുചൊല്ലുന്നു. ബഹുമത സമൂഹമായിരിക്കുന്ന ഭാരതത്തിൽ ലോകത്തിലെ പ്രധാനപ്പെട്ട എല്ലാ മതങ്ങളുമായി ബന്ധപ്പെട്ട ജനതതിയുണ്ട്. ഇവരുടെ പാരസ്പര്യം നിരന്തരം പുഷ്ടിപ്പെടാൻ, മൂല്യങ്ങളിലെ സമാനതകൾ കാണാൻ നാം ശ്രമിക്കേണ്ടതുണ്ട്.

നമ്മുടെ ഭവനത്തിൽ, അയൽപക്കത്ത്, ചുറ്റുപാടും, ലോകമെമ്പാടും ഉള്ളവരെ സംബോധന ചെയ്ത ടാഗോർ ഒരു സങ്കുചിത ദേശീയവാദി മാത്രമായിരുന്നില്ല. ഭൂപടത്തിൽ കണ്ട് പരിചയിച്ച ദേശജനതയെയാണ് നമ്മെ ചിലർ പരിചയപ്പെടുത്തിയത്. ഇത് സങ്കുചിതമാണ്. ഇത്തരം ചില വക്രീകരണങ്ങളിൽ പെട്ടുപോയതാണ് ഭാരതത്തിന്റെ ദുരന്തം. അപ്പുറത്തുള്ള, നാം നിത്യജീവിതത്തിൽ ഇടപഴകേണ്ടുന്നവരെ അവരുടെ വൈവിദ്ധ്യങ്ങളെ, വിശ്വാസങ്ങളെ മാനിക്കാൻ നാം കഴിവുള്ളവരാകേണ്ടതുണ്ട്. ഇതാണ് ഇന്നത്തെ ആവശ്യങ്ങളിലും ചിന്താവിഷയങ്ങളിലും പ്രധാനമായൊന്ന്.

ഇതിന് നാം ജനഗണമനയോ, കവിത പൂർണ്ണരൂപമോ, ചുരുങ്ങിയത് രണ്ടാംപാദമോ ഹൃദിസ്ഥമാക്കണം. കുട്ടികൾക്കിടയിൽ ഇത് പ്രചരിപ്പിക്കണം. എല്ലാവരുടേയും ശ്രദ്ധയെ ഉണർത്തണം.

ഇനി നമുക്ക് രണ്ടാം ചരണം വായിക്കാം.

അഹരഹതവ ആഹ്വാന പ്രചാരിത<br>
സുനിതവ ഉദരവാണീ<br>
ഹിന്ദു, ബൗദ്ധ, ശിഖ, ജൈന, പാരസിക<br>
മുസൽമാന, ക്രിസ്ത്യാനി,<br>
പൂരബ പശ്ചിമ ആസേ, തവ<br>
സിംഹാസന പാസേ<br>
പ്രേമഹാര ഹയ ഗാഥാ,<br>
ജനഗണ ഐക്യവിധായക ജയഹേ<br>
ഭാരത ഭാഗ്യവിധാതാ,<br>
ജയഹേ! ജയഹേ! ജയഹേ!<br>
ജയ ജയ ജയ ജയഹേ!

ടാഗോർ കവിതയിലെ അഞ്ച് ഖണ്ഡങ്ങളിലും മനുഷ്യവർഗ്ഗത്തെ നയിക്കുന്നവനെയും, അനന്ത കാരുണികനെയും, സർവ്വശക്തനുമായുള്ളവനെയും ഒക്കെയാണ് വാഴ്ത്തുന്നത്. ഈ ശക്തിയെയാണ് നാം മനസ്സിലാക്കാൻ ശ്രമിക്കേണ്ടത്. ലോകത്തെ നിഷേധിക്കാതെ ഭാരതമാതാവിനെയും സൽസന്താനങ്ങളെയും വൈവിധ്യങ്ങളെയും സമാനതകളെയും മലനിരകളെയും ദേശങ്ങളെയും ജനതതിയെയും ടാഗോർ മഹത്വപ്പെടുത്തുന്നു. ജനതയും ജനതയുമായുള്ള ഐക്യത്തെ പുകഴ്ത്തുന്നു.

ഇരുട്ടിൽനിന്ന് വെളിച്ചത്തിലേയ്ക്കുള്ള ഭാരതത്തിന്റെ യാത്രയെ ടാഗോർ വീക്ഷിക്കുന്നു. സംഘർഷങ്ങൾക്കിടയിലും സമാധാനത്തിന്റെ ചിറകടിയൊച്ച കേൾപ്പിക്കുന്നു. സാരഥിയായിനിന്ന് ഭാരതജനതയെ നയിക്കുന്നവന്റെ രഥചക്ര ശബ്ദം കേൾക്കുന്നു. ദുർഘടങ്ങളിൽ പ്രേമസ്വരൂപിണിയായിനിന്ന് സാന്ത്വനം ചൊരിയുന്നത് പുകഴ്ത്തുന്നു. ഭാരതത്തിന്റെ വിഹായസ്സിൽ പുതിയ പ്രകാശകിരണങ്ങൾ പ്രത്യാശയോടെ കാട്ടിത്തരുന്നു.

രണ്ടാംപാദത്തിൽ ദേശഭേദമില്ലാതെ പാശ്ചാത്യരും പൗരസ്ത്യരും അവിടത്തെ വാഴ്ത്തുന്നതും, സൗഹാർദ്ദത്തിന്റെ ഹാരം കോർക്കുന്നതും കുറിക്കുന്നു. ഭിന്നമതങ്ങളിലെ ജനവിഭാഗങ്ങൾ അവിടത്തെ ഉൽകൃഷ്ടാശയങ്ങൾ കേട്ട് അങ്ങയെ പുകഴ്ത്തുന്നത് വിവരിക്കുന്നു. ഹിന്ദുക്കളും, ബുദ്ധമതക്കാരും സിക്കുകാരും ജൈനന്മാരും പാർസികളും മുസൽമാൻമാരും ക്രിസ്ത്യാനികളും എല്ലാ വിഭാഗത്തിലുമുള്ളവരും അവിടത്തെ സ്വരം കേട്ട് സഹവർത്തിത്വത്തിൽ കഴിയുന്നു. അവിടത്തെ സിംഹാസനത്തിനരികിലേക്ക് വരുന്നു. അവിടത്തെ പ്രകാശത്തിൽ പ്രചോദിതരാകുന്നു. അല്ലയോ ജനസമുദായഐക്യത്തിന്റെ ശിൽപി, ഭാവിഭാരതത്തിന്റെ ഭാഗ്യവിധാതാവേ, അവിടന്ന് ജയിച്ചാലും, ജയിച്ചാലും ജയിച്ചാലും എന്ന് ടാഗോർ സ്തുതിക്കുന്നു. മതസഹവർത്തിത്വത്തിന്റേയും മതാതീത ആത്മീയതയുടേയും നീരൊഴുക്കാണ് ഈ രണ്ടാംപാദം. നമുക്കിത് ഹൃദയത്തിൽ കുറിച്ചുവയ്ക്കാം. ഈ രീതിയിലൊരു മനസ്സിലാക്കലിന് പ്രസക്തിയുണ്ട്.